


# തിരിച്ചറിവ്

നിയമാ. 4:32 – 40; ഏശയ്യാ 4:2 – 6;2 കൊറി 3:4 – 12; ലൂക്കാ 15:11 – 32

ബ്ര. അജോ തോമസ് വടക്കേട്ട് MSJ

Vol. 12, Issue: 4

**ഒ**രിക്കൽ ചാർലി ചാപ്ലിനോട് പത്രപ്രവർത്തകർ, ലോകത്തിലെ ഏറ്റവും വലിയ ചെറുകഥ ഏതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി, ലോകത്തിലെ ഏറ്റവും വലിയ ചെറുകഥ ധൂർത്തപുത്രന്റെ കഥയാണ് എന്നാണ്.

കാണാതായ നാണയത്തിന്റെയും ആടിന്റെയും ഉപമയോട് ചേർത്തുവച്ചാണ് സുവിശേഷത്തിലെ ഏറ്റവും വലിയ ചെറുകഥയായ ധൂർത്തപുത്രന്റെ ഉപമയെയും നാം കണ്ടുമുട്ടുന്നത്. വി. ലൂക്കായുടെ സുവിശേഷം 15-ാം അദ്ധ്യായം 1 മുതൽ 32 വരെയുള്ള വാക്യങ്ങൾ, നഷ്ടപ്പെട്ട ആടിന്റെയും നാണയത്തിന്റെയും ധൂർത്തപുത്രന്റെയും ഉപമയെപ്പറ്റിയാണ് പറയുന്നത്.

ആദ്യ രണ്ട് ഉപമയിൽ നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം അന്വേഷിക്കുന്നു. തിരികെ വരുവാൻ സ്വയമേ കഴിവില്ലാത്ത നാണയത്തെയും ആടിനെയും കണ്ടുകിട്ടുമ്പോൾ ആനന്ദം പങ്കുവയ്ക്കുന്നു. എന്നാൽ നഷ്ടപ്പെട്ട പുത്രന്റെ ഉപമയിൽ നഷ്ടമായവനു വേണ്ടി കാത്തിരിക്കുന്ന, നഷ്ടപ്പെട്ടവൻ സ്വയം തെറ്റ് തിരിച്ചറിഞ്ഞ് തിരികെ വരുമ്പോൾ ആനന്ദം പങ്കിടുന്ന സ്നേഹനിധിയായ ഒരു പിതാവിന്റെ വാത്സല്യത്തെയാണ്, അദ്ദേഹത്തിന്റെ കരുണയെയാണ് നാം കണ്ടുമുട്ടുക.

ഒരിക്കൽ ഒരു മകൻ തനിക്കുള്ള സ്വത്തുക്കൾ തന്റെ അപ്പച്ചനിൽ നിന്നു വാങ്ങിയ ശേഷം ആരോടും പറയാതെ സ്വദേശം വിട്ട് അന്യദേശത്ത് ജീവിക്കാൻ ആരംഭിച്ചു. കുറേനാൾ കഴിഞ്ഞ് ആരൊക്കെയോ ചേർന്ന് അവനെ പറ്റിക്കുകയും ജീവിക്കാൻ വകയില്ലാതാകുകയും ചെയ്തു. ആ മകൻ, തനിക്ക് സംഭവിച്ച കാര്യങ്ങളൊക്കെ പറഞ്ഞ് വീട്ടിലേക്ക് ഒരു കത്തെഴുതി. വീട്ടിൽ നിന്ന് പറയാതെ ഇറങ്ങിപ്പോന്നതുകൊണ്ട് തന്നോട് സ്നേഹമുണ്ടോ എന്ന് അറിയാനായി കത്തിന്റെ അവസാനം ഇങ്ങനെ കൂടി കൂട്ടിച്ചേർത്തു: “എന്നോടുള്ള സ്നേഹത്തിന്റെ തെളിവായി, എന്നെ സ്വീകരിക്കുന്നതിന്റെ തെളിവായി വീടിന്റെ മുമ്പിലുള്ള മരത്തിൽ

ഒരു റിബ്ബൺ കെട്ടണം.'' വീട്ടുകാർ മരത്തിൽ റിബ്ബൺ കെട്ടിയെങ്കിൽ തന്നെ സ്വീകരിക്കുവാൻ അവർ തയ്യാറാണെന്നും അപ്രകാരം സംഭവിച്ചില്ലെങ്കിൽ ആത്മഹത്യ ചെയ്തുകളഞ്ഞേക്കാമെന്നു പോലും അവൻ ചിന്തിച്ചു. കുറച്ചു ദിവസങ്ങൾക്കു ശേഷം അവൻ വീടിന്റെ അടുത്തുകൂടി പോയപ്പോൾ കണ്ട കാഴ്ച അവനെ അത്ഭുതപ്പെടുത്തി. വീടിന്റെ മുന്നിലെ മരം മുഴുവനും റിബ്ബൺ കെട്ടിയിരിക്കുന്നു. മകൻ നഷ്ടപ്പെടാതിരിക്കാൻ ഒരു റിബ്ബണിനു പകരം ഒരായിരം റിബ്ബൺ കെട്ടി മാതാപിതാക്കൾ അവനായി കാത്തിരുന്നു. നഷ്ടപ്പെടാതിരിക്കാനായി കൂടുതൽ ഒരുക്കത്തോടെ കാത്തിരുന്ന ഒരു കുടുംബത്തിന്റെ കഥയാണിത്.

ഇന്നത്തെ സുവിശേഷവായനയിൽ നാം പ്രധാനമായും രണ്ടു കാര്യങ്ങളാണ് കാണുക. ഒന്നാമതായി അനുതപിക്കുന്ന ഇളയ മകൻ. പശ്ചാത്തപിക്കുന്നവർ ദൈവത്തിന്റെ കാരുണ്യം കാണും. തെറ്റുകൾ ഏറ്റുപറഞ്ഞ് അനുതപിക്കുമ്പോൾ ദൈവം തന്റെ കാരുണ്യവും കരുതലും സ്നേഹവും നൽകി നമ്മെ പുതുജീവിതത്തിലേക്ക് നയിക്കും. ഈശോ തന്റെ സുഹൃത്തുക്കളായ ചുങ്കക്കാരോടും പാപികളോടും കാണിച്ച അതേ സ്നേഹമാണ്, അതേ കരുതലാണ് ഈ ഉപമയിലെ പിതാവ് തന്റെ മകനോടും കാണിച്ചത്.

തനിക്കു പറ്റിയ തെറ്റുകൾ മനസിലാക്കുവാൻ ആ ഇളയ മകൻ അനേകം വഴികളിലൂടെ കടന്നുപോയെന്ന് നമുക്കറിയാം. അവസാനം അവന് സുബോധം ഉണ്ടാകുമ്പോഴാണ് താൻ സ്വയം നഷ്ടപ്പെടുത്തിയവനാണെന്ന ബോധ്യം അവനിലുണ്ടായതും. തന്റെ പിതാവിന്റെ സന്നിധിയിലേക്ക് തിരികെ വരുന്നതും യേശുവിനെ അനുകരിക്കുവാൻ വിളിക്കപ്പെട്ട ക്രിസ്ത്യാനികളായ നാം അന്ധമായി ലോകത്തെ അനുകരിക്കുമ്പോൾ ധൂർത്തപുത്രനുണ്ടായ അതേ അനുഭവം നമുക്കും ഉണ്ടാകും. ജീവിതം അന്ധകാരവും ശൂന്യവുമാകാതിരിക്കാൻ ആ പിതാവിന്റെ സ്നേഹം നമുക്ക് ആവശ്യമാണെന്ന തിരിച്ചറിവിലേക്ക് അതേ ജീവിതാനുഭവം നമ്മെ കൊണ്ടെത്തിക്കുന്നു.

രണ്ടാമതായി, മകൻ തിരികെ വരുമ്പോൾ ആനന്ദിക്കുന്ന സ്നേഹപിതാവായ ദൈവം. യഹൂദ നിയമപ്രകാരം പിതാവ് ജീവിച്ചിരിക്കുമ്പോൾ തന്നെ ഓഹരി ആവശ്യപ്പെടുന്നത് ലജ്ജാകരവും (പ്രഭാ. 33:23) പിതാവിനെ അപകീർത്തിപ്പെടുത്തുന്നതിന് തുല്യവുമാണ്. എന്നാൽ തന്റെ ഇളയ മകൻ സ്വത്തെല്ലാം ധൂർത്തടിച്ച് തിരികെ വന്നപ്പോൾ പിതാവിന്റെ ശാസനയേക്കാളുപരി സ്നേഹപൂർവ്വമുള്ള പരിചരണമാണ് നാം ഇവിടെ ദർശിക്കുന്നത്. തിരിച്ചറിവ് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഞാൻ തെറ്റ് ചെയ്തെന്ന തിരിച്ചറിവ്, ദൈവം നൽകിയ പുണ്യങ്ങളെ വേണ്ടവിധം ഉപയോഗിച്ചില്ലായെന്ന തിരിച്ചറിവ് നമുക്ക് ആവശ്യമാണ്. ഈ തിരിച്ചറിവിലൂടെ നാം ദൈവസ്നേഹത്തിലേക്ക് കൂടുതലായി അടുക്കും.

സ്നേഹമുള്ളവരേ, അനുദിനം ദൈവസന്നിധിയിൽ നിന്ന് പല കാരണങ്ങളാൽ അകന്നുപോയവരാണ് നാം ഓരോരുത്തരും. ആ അകൽച്ച പിതാവായ ദൈവത്തിന് വേദനയേകുമെങ്കിലും നമ്മുടെ പശ്ചാത്താപവും അനുരഞ്ജനവുമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. നാം തിരിച്ചുവരുമെന്ന് ഏറെ ആഗ്രഹിക്കുന്ന ഒരു പിതാവാണ് നമുക്കുള്ളതും. വി. അഗസ്റ്റിൻ പറഞ്ഞതുപോലെ, നിന്നെ സൃഷ്ടിച്ച ദൈവത്തിന് നിന്നെക്കൂടാതെ നിന്നെ രക്ഷിക്കാനാവില്ലായെന്ന ചിന്ത നമ്മിലും ഉണ്ടാകണം.

സ്നേഹത്തിന്റെ ഈ ബലിയിൽ തീക്ഷ്ണതയോടെ നമുക്കും പ്രാർത്ഥിക്കാം. സ്നേഹനാഥനായ ഈശോയേ, ഞങ്ങളിലേക്ക് എഴുന്നള്ളി വരേണമേ. നീ സ്നേഹിച്ചതുപോലെ സ്നേഹിക്കുവാനും നീ മുറിയപ്പെട്ടതുപോലെ മുറിയപ്പെടാനുമുള്ള കൃപ ഞങ്ങൾക്ക് ഓരോരുത്തർക്കും നൽകണമേ എന്ന്. സർവ്വശക്തൻ നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ആമ്മേൻ.